പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 219 — 19.06.2013-ൽ മറുപടിയ്ക്ക്

## മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന ലാബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. വി. ശശി<br>ശ്രീ. കെ. രാജു | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മരുന്നുകളുടെ ഗുണനിലവാര പരിശോധനയിലുണ്ടാകുന്ന കാലതാമസം രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ചില മരുന്നുകൾ നിലവാരമില്ലാത്തതാണെന്ന് കണ്ടെത്തുന്നത് അവ രോഗികൾ ഉപയോഗിച്ച് കഴിഞ്ഞതിന് ശേഷമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരുന്നു പരിശോധനയ്ക്ക് നിലവിൽ തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് മാത്രമാണുള്ളത്. പരിമിതമായ ലാബ് സൗകര്യത്തിൽ മരുന്ന് സാമ്പിളുകൾ പരിശോധിച്ച് അവയുടെ ഫലം ലഭ്യമാക്കാൻ കാലതാമസമെടുക്കുന്നുണ്ട്. കാലാവധി കഴിയാറായതും പരാതി ഉള്ളതുമായ മരുന്നുകൾ മുൻഗണനാ ക്രമത്തിൽ പരിശോധിക്കുന്നുണ്ട്. ഗുണനിലവാരമില്ലാത്ത മരുന്നുകൾ രോഗികളിലെത്തുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. |
| (സി) മരുന്നു പരിശോധനാ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ലാബുകൾ ആരംഭിക്കുന്നതിനും എന്ത് നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) നിലവിൽ തിരുവനന്തപുരത്ത് ഒരു മരുന്നു പരിശോധന ലാബോറട്ടറി മാത്രമാണുള്ളത്. ഇവിടെ പ്രതിവർഷം 4000 മരുന്ന് സാമ്പിളുകൾ മാത്രമേ പരിശോധിക്കാൻ സാധിക്കുന്നുള്ളൂ. എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനം ആരംഭിക്കുന്നതോടെ കൂടുതൽ മരുന്നുകൾ പരിശോധിക്കുവാൻ കഴിയും. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ പുതിയ ലാബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇങ്ങനെമരുന്നു പരിശോധന ലാബുകളുടെ എണ്ണം ആകെ 5 ആകുന്നതോടുകൂടി കേരള വിപണിയിൽ വിറ്റഴിക്കുന്ന ആകെ മരുന്നുകളുടെ ഏകദേശം 10% സാമ്പിളുകൾ പരിശോധിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ